CENTRAL BUREAU OF ECONOMICS AND STATISTICS

89. (77) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state.—

(*a*) whether Government contemplate to have one central bureau of economics and statistics, and verification of statistics collection, etc., instead of doing those works under several departments;

(*b*) whether the Government have any idea to appoint an economics expert in the State?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*) Yes.

(*b*) No.

മിസ്റ്റർ എം. ഐ. പോൾ: ഈ സെൻട്രൽബ്യൂറോ എന്നേക്ക നടപ്പാകും?

മിസ്റ്റർ കെ. അയ്യപ്പൻ: ദിവാൻപേഷ്കാരുടെ ആഫീസ്സിൽ, പബ്ലിക്ക് ഹെൽത്ത്, ലേബർ, ഇൻഡസ്ട്രീസ് മുതലായ വകുപ്പുകാരുടെ Statistics വരുത്തി ക്രമീകരിച്ച് ടാബുലേറ്റ ചെയ്ത് വെയ്ക്കാനാണ് നിശ്ചയം ചെയ്തിട്ടുള്ളത്. അപ്പോൾ ഒരു സെൻട്രൽബ്യൂറോ ആയിട്ട് ദിവാൻപേഷ്കാരാപ്പീസ്സിലെ സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റു വക്ക ചെയ്യാം.

മിസ്റ്റർ എം. ഐ. പോൾ: ഓരോ ഡിപ്പാർട്ടുമെന്റുകളിലേയും Statistics ആരാണ collect ചെയ്യുന്നത്?

മിസ്റ്റർ കെ. അയ്യപ്പൻ: അതാതു ഡിപ്പാർട്ടുമെന്റുകളിലേയ് അതാതാളുകളാണ് collect ചെയ്യുന്നത്.

മിസ്റ്റർ എ. കെ. ജോർജ്ജ്: ഈ Central bureau എന്നു പറയുന്നതു് എന്താണ്?

മിസ്റ്റർ കെ. അയ്യപ്പൻ: ഓരോ ഡിപ്പാർട്ടുമെന്റിലേയും Statistics വരുത്തുവാനായി ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റാണ്.

മിസ്റ്റർ എം. ഐ. പോൾ: ഒരു full-time officer വെണ്ടെന്നാണോ വെച്ചിട്ടുള്ളത്?

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾ അതു വേണമെന്നുവെച്ചിട്ടില്ലെന്നേയുള്ളൂ. നമുക്ക് അങ്ങിനെ അത്യാവശ്യമായ പല സംഗതികളും ചെയ്യാനുണ്ട്.

RAILWAY STATION AT PERUMANUR—STEPS TAKEN

90. (188) മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവൺമെണ്ടു സഭയം മറുപടി പറയുമോ.—

പെരുമാനൂർ ഒരു പുതിയ റയിൽവെ സ്റ്റേഷൻ സ്ഥാപിച്ചുകിട്ടേണ്ട ആവശ്യകത യെപ്പറ്റി ഗവൺമെണ്ടിനു അറിവുകിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തു ചെയ്തു?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ട്. ഗവൺമെണ്ടു ഈ കാര്യത്തെപ്പറ്റി നടപടികളും എടുത്തുവരുന്നുണ്ട്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: അനുകൂലമായിട്ടുള്ള നിലയിലാണോ? റയിൽവെ അധികാരികളും ഇതിനെ വീക്ഷിച്ചിട്ടുള്ളതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: അതെ.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: Station വരുന്നതോടുകൂടി ഒരു ബോട്ടുകളുവും വേണ്ടതാണ്. ഇതിനെ സംബന്ധിച്ച് ഗവൺമെണ്ടിന്റെ നില എന്താണ്?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനെപ്പറ്റി ആലോചിച്ചുവരുന്നുണ്ട്.

മിസ്റ്റർ പി. കെ. ഡിവർ: Station എവിടെ വേണമെന്നാണ് തീരുമാനിച്ചിട്ടുള്ളതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: അതു് അവരാണ് തീരുമാനിക്കേണ്ടതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഇതിന്റെ ചിലവു് ആരാണ് വഹിക്കേണ്ടതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: കൊച്ചിഗവൺമെണ്ടാണ് വഹിക്കേണ്ടതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഉദ്ദേശം എന്തു ചിലവുവരും?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിപ്പോൾ കണക്കാക്കിയിട്ടില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: Boat Basin ഇവിടെ ഒരു വലിയ പോരായ്മയാണെന്ന് അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ കരുതുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly